# Malayala Manorama

# 18 August 2018

# Muvattupuzha, Flood, Widespread Damage



## മൂവാറ്റുപുഴ :

# 1200 പേരെ രക്ഷപ്പെടുത്തി

മൂവാറ്റുപുഴ ● കിഴക്കൻ മേഖലയിൽ കരകവിഞ്ഞെത്തിയ ദുരിതം ജനജീവിതം താറുമാറാക്കിയിട്ടും പിൻവാങ്ങാൻ മടിക്കുന്നു. അൽപമൊന്നു തെളിഞ്ഞ കാലാവസ്ഥയും ദുരിതവ്യാപ്തി തിരിച്ചറിഞ്ഞ് കൂടുതൽ രക്ഷാസൈനികർ എത്തിയതും രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കിയെങ്കിലും നദികൾ കരകവിഞ്ഞെത്തിയ വെള്ളം അധികമൊന്നും പിൻവലിഞ്ഞിട്ടില്ല.

ഇതിനിടെ മേഖലയിൽ മൂന്നു ജീവനുകൾ പൊലിയുകയും ചെയ്തു. കെട്ടിടങ്ങളുടെ മുകൾ നിലയിൽ രണ്ടു ദിവസമായി കുടുങ്ങിയ നൂറുകണക്കിനു പേർക്ക് ആശ്വാസമേകിയാണ് ഇന്നലെ പകൽ മഴയൊന്നു പിൻവാങ്ങിയത്. ആയിരത്തി ഇരുന്നൂറോളം പേരെയാണ് ഇന്നലെ രക്ഷാപ്രവർത്തകർ കെട്ടിടങ്ങളിൽ നിന്നു മോചിപ്പിച്ചത്. അഞ്ഞൂറിലേറെ പേർ ഇനിയും കുടുങ്ങി കിടക്കുന്നുണ്ട്. ദുരിതാശ്വാസ ക്യാംപുകളിൽ രണ്ടായിരത്തോളം കുടുംബങ്ങളിൽ നിന്നായി അയ്യായിരത്തോളം പേരാണ് ഇപ്പോഴും കഴിയുന്നത്. പെരുമറ്റത്ത് വിഎം പബ്ലിക് സ്കൂളിലേതാണ് ഏറ്റവും വലിയ ക്യാംപ്. ഇവിടെ എണ്ണൂറോളം പേരാണ് ഉള്ളത്.

മൂവാറ്റുപുഴയിലെ രക്ഷാപ്രവർത്തനം

## ഒറ്റപ്പെട്ടു തന്നെ

കൊച്ചി- ധനുഷ്കോടി റോഡിന്റെയും എംസി റോഡിന്റെയും മൂവാറ്റുപുഴ - പട്ടിമറ്റം - കാക്കനാട് റോഡിന്റെയും വിവിധ ഭാഗങ്ങളിൽ വലിയ തോതിൽ തന്നെ വെള്ളക്കെട്ട് ഉണ്ടായിരുന്നതിനാൽ മൂവാറ്റുപുഴ ഇന്നലെയും ഏറെക്കുറെ ഒറ്റപ്പെട്ട നിലയിലായിരുന്നു. മൂവാറ്റുപുഴയിലേക്കെത്താനോ പുറത്തു പോകാനോ കഴിയാത്ത സ്ഥിതിയിൽ ജനങ്ങൾ കുരുങ്ങി. അത്യാവശ്യമായി ചികിത്സ തേടാൻ പോലും സാധിക്കാത്ത സ്ഥിതിയായിരുന്നു ഇവിടെ. കടുത്ത ക്ഷാമവും നഗരത്തെ വിഴുങ്ങി. വ്യാപാര സ്ഥാപനങ്ങളെല്ലാംതന്നെ ഇന്നലെയും അടഞ്ഞു കിടന്നു. കടകളിൽ വെള്ളം കയറിയതിനാൽ സാധന സാമഗ്രികൾ വെള്ളത്തിൽ നശിച്ചിരുന്നു. അരിയും പലചരക്കും പാലും പോലും കിട്ടാതെ ജനങ്ങൾ വലഞ്ഞു.

## കോടികളുടെ നഷ്ടം

ഓണവിപണിയോടനുബന്ധിച്ച് ശേഖരിച്ചിരുന്ന ഭക്ഷണ സാധനങ്ങളും ബേക്കറി ഉൽപ്പന്നങ്ങളും പച്ചക്കറികളുമൊക്കെ വലിയ തോതിലാണ് നശിച്ചിരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നൊക്കെ വലിയ തോതിൽ അരിയും പലചരക്കു സാധനങ്ങളുമായി എത്തിയ ലോറികളും മൂവാറ്റുപുഴയിൽ കുരുങ്ങിക്കിടക്കുകയാണ്. ഇവയെല്ലാം വെള്ളത്തിൽ മുങ്ങിയതോടെ ഇവയിൽ കൊണ്ടുവന്നിട്ടുള്ള സാധനങ്ങളും നശിച്ചു. മാർക്കറ്റിലെ എല്ലാ കടകളിലും വെള്ളം കയറിയിരിക്കുകയാണ്. ഈ കടകളിൽ വലിയ തോതിൽ സൂക്ഷിച്ചിരുന്ന സാധനങ്ങളെല്ലാം നശിച്ചു. വസ്ത്ര വ്യാപാര ശാലകളിലും വെള്ളം കയറിയിട്ടുണ്ട്.

## നായ്ക്കളെ കൈവിടാതെ

തെരുവിൽ ഉപേക്ഷിച്ച നായ്ക്കളെ സംരക്ഷിച്ച് വീട്ടിൽ താമസിപ്പിച്ച ദമ്പതികളും മകനും വീടിന്റെ ടെറസിൽ നായ്ക്കൾക്കൊപ്പം കഴിയുന്നു. രക്ഷപ്പെടാൻ അവസരമുണ്ടായിട്ടും തങ്ങൾ സംരക്ഷിക്കുന്ന 27 നായ്ക്കളെ കൂടി സംരക്ഷിക്കാനുള്ള അപേക്ഷ നിരസിക്കപ്പെട്ടതോടെയാണ് ഇവർ വീടിന്റെ ടെറസിൽ കഴിഞ്ഞു കൂടുന്നത്. ദയ എന്ന മൃഗസ്നേഹികളുടെ സംഘടനയുടെ സെക്രട്ടറി രമേഷ് പുളിക്കനും ഭാര്യ അമ്പിളി പുരയ്ക്കലും മകൻ കേശവ് പുളിക്കനുമാണ് നായ്ക്കൾക്കൊപ്പം വെള്ളം കയറിയ വീടിന്റെ മുകളിലെ ടെറസിൽ കഴിഞ്ഞു കൂടുന്നത്. ജനങ്ങളും രക്ഷാപ്രവർത്തകരും ആവർത്തിച്ചു മുന്നറിയിപ്പു നൽകിയിട്ടും നായ്ക്കളെ കൂടാതെ രക്ഷപ്പെടേണ്ട എന്ന നിലപാടിലാണിവർ.